**കേരള കാർഷികസർവകലാശാല**
**പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെന്റ് യൂണിറ്റ്**
**വെള്ളാനിക്കര, തൃശ്ശൂർ 680 656**
☎ 04872438620 ✉ centnursery@kau.in

നമ്പർ :സിഡി: 1045/19 തിയ്യതി : 11/05/2026

## പുനർ ലേലം / ക്വട്ടേഷൻ നോട്ടീസ്

കേരള കാർഷിക സർവ്വകലാശാല വെള്ളാനിക്കര ക്യാമ്പസിൽ ഡി.പി.പി.യുടെ നിയന്ത്രണത്തിലുള്ള ജലശുദ്ധീകരണ പ്ലാന്റിന്റെ നിർമ്മാണത്തിനു തടസ്സമായി നിൽക്കുന്ന മരങ്ങൾ വെട്ടി നീക്കം ചെയ്തു കൊണ്ടുപോകാൻ താൽപ്പരരായവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ ലേലം /ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. രഹസ്യ ക്വട്ടേഷനുകൾ 20/05/2026 ന് രാവിലെ 11.00 വരെ സ്വീകരിക്കും. ലേലത്തിൽ പങ്കെടുക്കുന്നവർക്ക് അന്നേ ദിവസം രാവിലെ 10.30 AM ന് മരങ്ങൾ കാണാവുന്നതാണ്.

ലേല സമയം : 20/05/2026 ന് 11.30 am

ലേല സ്ഥലം : പി.പി.എൻ.എം.യു.ഓഫീസ് വെള്ളാനിക്കര

രഹസ്യ ക്വട്ടേഷനുകൾ 20/05/2026 ന് 11.00 am വരെ സ്വീകരിയ്ക്കും.

- ***മുറിച്ച് മാറ്റുന്ന മരങ്ങൾക്ക് GST, ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സ്, TCS എന്നിവ ബാധകമാണ്***

**മരങ്ങളുടെ വിശദാംശങ്ങൾ**

| മരം | സ്ഥലം |
|---|---|
| മുള്ളുവേങ്ങ – 2 എണ്ണം അക്കേഷ്യ – ഒരെണ്ണം (മുറിച്ചിട്ടത്) | മാംഗോ സയോൺ ഓർച്ചാർടിനു പുറകിൽ ഡി.പി.പി.യുടെ ജലശുദ്ധീകരണ പ്ലാന്റിന് സമീപം മരങ്ങൾ പൂർണ്ണമായും മുറിച്ചു മാറ്റേണ്ടതാണ്. |

**ലേലം / ക്വട്ടേഷൻ വ്യവസ്ഥകൾ**

1. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഫോട്ടോ പതിച്ച നിയമപരമായ തിരിച്ചറിയൽ രേഖകളിലേതെങ്കിലും കൊണ്ടുവരേണ്ടതാണ്. കൊണ്ടു വരാത്തപക്ഷം ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല.
2. ലേലം/ക്വട്ടേഷനിലെ മരങ്ങൾ പരിശോധിക്കുവാൻ പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കരയിലെ ഫാം സൂപ്രണ്ടുമായി ബന്ധപ്പെടേണ്ടതാണ്.
3. ക്വട്ടേഷനുകൾ അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കര എന്ന വിലാസത്തിൽ ആയിരിക്കണം സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ അയക്കുന്ന കവറിനു പുറത്ത് **"കേരള കാർഷിക സർവകലാശാല ക്യാമ്പസിൽ ഡിപിപി യുടെ നിയന്ത്രണത്തിലുള്ള ജലശുദ്ധീകരണ പ്ലാന്റിന് സമീപം നിൽക്കുന്ന മുള്ളുവേങ്ങ, അക്കേഷ്യ എന്നീ മരങ്ങൾക്കുള്ള ക്വട്ടേഷൻ"** എന്ന് എഴുതിയിരിക്കണം.

4. പൂരിപ്പിച്ച ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 20/05/2026 ന് രാവിലെ 11.00 മണി വരെയാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത കവറിൽ നിശ്ചിത സമയത്തിന് മുമ്പായി ക്വട്ടേഷൻ ഓഫീസിലെത്തിക്കുകയോ പരസ്യലേലത്തിൽ പങ്കെടുക്കുകയോ ചെയ്യേണ്ടതാണ്. മൂന്ന് ക്വട്ടേഷൻ/വ്യക്തികൾ ഉണ്ടെങ്കിൽ മാത്രമേ ക്വട്ടേഷൻ നടപടികൾ ആരംഭിക്കുകയുള്ളൂ. നിശ്ചിത തീയതിയ്ക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതായിരിക്കും.

5. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നതിന് ലേല ദിവസം 20/05/2026 ന് നിരതദ്രവ്യം 5000/- (അയ്യായിരം രൂപ മാത്രം) പണമായി ഈ ഓഫീസിൽ രാവിലെ 11.00 മണിക്ക് മുമ്പേ അടക്കേണ്ടതാണ്. ലേല നടപടികൾ കൃത്യം 11.30 മണിക്ക് തന്നെ ആരംഭിക്കുന്നതാണ്.

6. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമേ ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളു. ടോക്കൻ നമ്പർ ഓഫീസിൽ നിന്നും നൽകുന്നതായിരിക്കും.

7. രഹസ്യ ക്വട്ടേഷനിൽ അതാത് മരങ്ങളുടെ വില പ്രത്യേകം എഴുതണം. ലേലത്തിൽ ഏറ്റവും കൂടുതൽ സംഖ്യയ്ക്കു വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിനു ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ ലേലം/ ക്വട്ടേഷൻ ഉറപ്പിക്കുന്നതും ടിയാൻ ലേലം/ ക്വട്ടേഷൻ തുകയുടെ 1/3 ഭാഗം അന്നേ ദിവസം തന്നെ ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക 3 പ്രവൃത്തി ദിവസത്തിനകം (23/05/2026 തിയ്യതിക്ക് മുമ്പായി) അടച്ച് മുറിച്ചിട്ട മരങ്ങൾ എടുക്കുന്നതിന് അനുവാദം വാങ്ങേണ്ടതുമാണ്.

8. ലേല സംഖ്യക്കു പുറമേ ലേലസംഖ്യയുടെ 5% വനവികസന നികുതിയും (FDT) വിൽപ്പന വിലയുടെയും വനം വികസന നികുതിയുടെയും 18% GST യും, ബാധകമായ ആദായ നികുതിയും (TCS) ക്വട്ടേഷൻ പിടിച്ച വ്യക്തി 23/05/2026 തീയതിക്ക് മുൻപ് അടയ്ക്കേണ്ടതാണ്.

9. *ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാൾ മുഴുവൻ ലേലതുക അടച്ചതിനുശേഷം മാത്രമേ രണ്ടാമത്തെയാളുടെ EMD തിരികെ നൽകൂ.* സർവകലാശാലയ്ക്ക് നാശനഷ്ടങ്ങൾ ഉണ്ടാകാതെ തടികൾ നീക്കം ചെയ്തതിനുശേഷം നിരതദ്രവ്യം തിരികെ നൽകുന്നതാണ്. ഇതിന് വേണ്ടി രശീതിയോടൊപ്പം അപേക്ഷ സമർപ്പിക്കണം.

10. ഏതെങ്കിലും അവിചാരിതമായ കാരണത്താൽ ലേലം/ ക്വട്ടേഷൻ ദിവസം അവധി ദിവസമായി വരികയാണെങ്കിൽ ലേലം/ക്വട്ടേഷൻ അടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതാണ്.

11. നികുതി ഉൾപ്പടെയുള്ള മുഴുവൻ ലേലത്തുകയും പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മന്റ് യൂണിറ്റ്, വെള്ളാനിക്കരയിൽ അടച്ചതിന് ശേഷം മാത്രമേ മരങ്ങൾ കൊണ്ടു പോകുന്നതിന് അനുവദിക്കുകയുള്ളു. ക്വട്ടേഷൻ ലഭിച്ചാൽ 10 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും തടികൾ കൊണ്ടു പോകേണ്ടതാണ്.

12. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ മരങ്ങൾ കൊണ്ടു പോകുവാൻ അനുവദിക്കുകയുള്ളൂ. മരങ്ങൾ ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം കൊണ്ടുപോകേണ്ടത്.

13. മരങ്ങൾ കൊണ്ടുപോകേണ്ടത് സ്ഥാപനത്തിലെ ഫാമിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരിക്കണം. മരങ്ങൾ കൊണ്ടുപോകുമ്പോൾ ചുറ്റുപാടുമുള്ള സ്ഥാവരജംഗമ വസ്തുക്കൾക്ക് യാതൊരുവിധത്തിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകാൻ പാടുള്ളതല്ല. ഏതെങ്കിലും വിധത്തിൽ സർവകലാശാലയ്ക്ക് നാശനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം അതിന്റെ പൂർണമായ ഉത്തരവാദിത്തം ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ വ്യക്തിയുടെതായിരിക്കും. ഈ സാഹചര്യത്തിൽ സ്ഥാപനമേധാവി നിശ്ചയിക്കുന്ന നഷ്ടപരിഹാരം അടയ്ക്കുവാൻ 'ലേലം/ക്വട്ടേഷൻ ഉറപ്പിച്ച് കിട്ടിയ ആൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഫാം സൂപ്രണ്ടുമായി ബന്ധപ്പെടേണ്ടതാണ്. (9947268523)

14. ലേലം/ക്വട്ടേഷൻ സംബന്ധിച്ചിടത്തോളം, ഏതൊരു കാര്യത്തിനും അന്തിമതീരുമാനം കൈകൊള്ളുന്നതിനുള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മന്റ് യൂണിറ്റ്, വെള്ളാനിക്കരയിൽ നിക്ഷിപ്തമാണ്.

15. ലേലം മാറ്റി വയ്ക്കുന്നതിനോ ഉറപ്പിക്കുന്നതിനോ/റദ്ദാക്കുന്നതിനോ ഉള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസർ & ഹെഡ്, പ്ലാന്റ് പ്രൊപ്പഗേഷൻ & നഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കരയിൽ നിക്ഷിപ്തമായിരിക്കും.

16. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

അസിസ്റ്റന്റ് പ്രൊഫസ്സർ & ഹെഡ്

ASSISTANT PROFESSOR AND HEAD
Plant Propagation and Nursery Management Unit
Kerala Agricultural University
Vellanikkara-680656

സ്വീകർത്താവ്:

1. നോട്ടീസ് ബോർഡ് – പി.പി.എൻ.എം.യു മെയിൻ ഓഫീസ്/ ഫാം ഓഫീസ് / വിപണന വിജ്ഞാന കേന്ദ്രം
2. KAU കാന്റീൻ പരിസരം
3. ഫയൽ

പകർപ്പ്: 1. ഫാം സൂപ്രണ്ട്
2.സയന്റിസ്റ്റ് ഇൻ ചാർജ് ഫാം

Plant Propagation and Nursery Management Unit
Vellanikkara, KAU P.O.
Date.........
Thrissur - 680656
Kerala Agricultural University